(ഡി) ഈ പോസ്റ്റിലേക്ക് മലപ്പുറം ജില്ലയിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ എല്ലാം നികത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21.4.'99-ൽ ഈ ലിസ്റ്റ് നിലവിൽ വന്നു. 20.4.2002-ൽ ഇതിന്റെ കാലാവധി തീരും.

(സി) 153 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണ നിലവാരം

171 (774)ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഫലപ്രദമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരസാധനങ്ങൾ വിൽപ്പന നടത്തുന്ന ഹോട്ടലുടമകൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) 1998-99 വർഷത്തിൽ ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര ഹോട്ടലുടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനും മായം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും വേണ്ടി അതത് സർക്കിളിൽ നിയമിച്ചിരിക്കുന്ന ഫുഡ് ഇൻസ്പെക്ടർമാർ ഹോട്ടലുകളിൽ വിൽക്കുന്ന ആഹാര സാധനങ്ങൾ മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച്, ശേഖരിച്ച് അനലിറ്റിക്കൽ ലബോറട്ടറികളിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ഹെൽത്ത് ഇൻസ്പെക്ടറേയും ഫുഡ് ഇൻസ്പെക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്,

(ബി) ലബോറട്ടറികളിലെ പരിശോധനയിൽ മായം ചേർത്തതാണെന്നും ഗുണനിലവാരം കുറഞ്ഞതാണെന്നും കണ്ടാൽ ആരോഗ്യവകുപ്പ് കോടതികളിൽ ഹോട്ടലുടമയ്ക്കെതിരായിട്ട് കേസ്സ് ഫയൽ ചെയ്ത് നടപടികൾ സ്വീകരിക്കാറുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരസാധനങ്ങൾ വിൽപ്പന നടത്തുന്ന ഹോട്ടലുകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ, കുറ്റം കോമ്പൗണ്ട് ചെയ്യൽ, ലൈസൻസ് സസ്പെന്റു ചെയ്യൽ റദ്ദ്ചെയ്യൽ തുടങ്ങിയ നടപടികൾ നഗരസഭാധികൃതരും സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1998-99 വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ ഹോട്ടലുകൾ പരിശോധിച്ച് 30 സാമ്പിളുകൾ എടുത്തതിൽ 2 എണ്ണം മായം ചേർന്നതായി കണ്ടെത്തി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

II. അറിയിപ്പ്

ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻസ് സഭയ്ക്കകത്ത് ഉപയോഗിക്കുന്നതു സംബന്ധിച്ച്

[9.30 A.M.] മി. സ്പീക്കർ : സഭയ്ക്കുള്ളിൽ ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻസ് പാടില്ല എന്ന് ഇതിനുമുമ്പും റൂളിംഗ് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ പല അംഗങ്ങളും വീണ്ടും ഉപയോഗിക്കുന്നതായി അറിയുന്നു. അതുകൊണ്ട് റൂളിംഗ് ഒന്നുകൂടി ആവർത്തിക്കുന്നു. കമ്മ്യൂണിക്കേഷൻസ് എന്നുപറയുമ്പോൾ, മൊബൈൽ ഫോണുകൾ ഉപയോഗിക്കാൻ പാടില്ല എന്നുമാത്രമല്ല, അത് ഓൺ ചെയ്തുവയ്ക്കാനും പാടില്ല. ഓൺ ചെയ്താലും ബെല്ല് കേൾക്കും. അതും ഡിസ്റ്റർബൻസാണ്. ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻസ് ഒന്നും പാടില്ല. നിയമസഭാ സാമാജികൻമാർക്കു മാത്രമല്ല ഒഫിഷ്യൽസിനും ഇത് ബാധകമാണ്. പത്രമാധ്യമ പ്രവർത്തകർക്കും ഗ്യാലറികളിൽ വരുന്നവർക്കുമെല്ലാം ഈ റൂളിംഗ് ബാധകമാണെന്ന് ഒന്നുകൂടി ചെയർ ഓർമ്മിപ്പിക്കുന്നു.

ശ്രദ്ധക്ഷണിക്കൽ, ശ്രീമതി ശോഭനാ ജോർജ്.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : ശ്രീ. എ.സി. ഷൺമുഖദാസ് കഴിഞ്ഞ ദിവസം ഒരു പോയിന്റ് ഓഫ് ഓർഡർ ചോദിച്ചു. അന്ന് ഞാൻ അനുവദിച്ചില്ല. ഇന്ന് പറയട്ടെ. ക്രമപ്രശ്നം റൂൾ 304

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, റൂൾ 304-ഉം ആയി ബന്ധപ്പെട്ടാണ് ഞാൻ ഇവിടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. റൂൾ 304 പ്രകാരം ഇവിടെ അംഗങ്ങൾക്ക് സബ്മിഷന് അവസരം തരാറുണ്ട്. എന്നാൽ പ്രതിപക്ഷനേതാവിന് പ്രത്യേകമായി ഒരു അവകാശവും ചട്ടങ്ങളും ഇല്ലെങ്കിലും ഇവിടത്തെ പ്രീസിഡന്റ് പ്രകാരം പ്രതിപക്ഷ നേതാവ് എഴുന്നേറ്റുനിന്നാൽ അങ്ങ് അദ്ദേഹത്തിന് അനുവാദം കൊടുക്കാറുണ്ട്. പക്ഷേ അദ്ദേഹം എഴുന്നേറ്റു നിൽക്കുന്നത് ചട്ടലംഘനമാവില്ല എന്നാണ് ബഹുമാനപ്പെട്ട ചെയറിന്റെ ധാരണ. ഇവിടെ ഒരേ വിഷയത്തെക്കുറിച്ച് തുടർച്ചയായി 4 ദിവസം റൂൾ 304 പ്രകാരം പ്രതിപക്ഷനേതാവ് ഈ സഭയുടെ പ്രീസിഡന്റ് അനുസരിച്ചുള്ള പർവ്യൂ വച്ചുകൊണ്ട് ഉന്നയിക്കുന്നത് ഓർഡറിലാണോ? ഓർഡറിൽ അല്ലെങ്കിൽ അത് രേഖയിലെങ്കിലും കാണിക്കണം. (ബഹളം)

മി. സ്പീക്കർ : അങ്ങയുടെ ക്രമപ്രശ്നം ..... (ബഹളം) .....

ശ്രീ. ജി. കാർത്തികേയൻ : സർ, അങ്ങ് അനുവദിച്ചാൽ മാത്രമേ ഇവിടെ പ്രതിപക്ഷനേതാവ് സംസാരിക്കാറുള്ളൂ. നമ്മുടെ പാർലമെന്റിലും നിയമസഭകളിലുമൊക്കെ ബഹുമാനപ്പെട്ട സഭാനാഥന്റെ അനുമതിയോടുകൂടി ചില പ്രത്യേകമായ അവകാശങ്ങളും കീഴ്വഴക്കങ്ങളും പ്രതിപക്ഷനേതാവുമായി ബന്ധപ്പെട്ടുണ്ട്. അങ്ങ് അത് പാലിക്കുന്നുമുണ്ട്. അങ്ങയുടെ അനുവാദത്തോടുകൂടി മാത്രമേ പ്രതിപക്ഷനേതാവ് സംസാരിച്ചിട്ടുള്ളൂ. അതിന്റെ അടി

LIBRARY ARCHIVES Kerala Legislative Assembly